**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 652** — **08-10-2024 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ മേഖലയിൽ തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ പരമ്പരാഗത കയർ തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 6.90 കോടി രൂപയുടെ സാമ്പത്തിക സഹായം കൂലിയിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.<br><br>സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും കൂടുതൽ തൊഴിൽ നൽകുന്നതിനും പ്രവർത്തന മൂലധനയിനത്തിൽ പ്രാഥമിക കയർ സംഘങ്ങൾക്ക് 4 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.<br><br>കയർ സംഘങ്ങളിലെ ജീവനക്കാർക്കുള്ള മാനേജീരിയൽ സബ്സിഡി ഇനത്തിൽ 327 കയർ സംഘങ്ങൾക്ക് 69.05 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>പി.എം.ഐ ഇനത്തിൽ 5.78 കോടി രൂപയും എം.ഡി.എ ഇനത്തിൽ സംസ്ഥാന സർക്കാർ വിഹിതമായ 10 കോടി രൂപയും കേന്ദ്ര സർക്കാരിന്റെ 2021-22 വർഷത്തെ കുടിശികയിൽ 1.22 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്.<br><br>കൂടാതെ കയർ സഹകരണ സംഘങ്ങളുടെ കെ.എസ്.ഇ.ബി കുടിശിക തീർപ്പാക്കൽ, വൈദ്യുതി സബ്സിഡി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. |
| (ബി) | കയർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ? | (ബി) | പരമ്പരാഗത ഉൽപ്പന്നങ്ങൾക്ക് വിപണന സാധ്യത കുറഞ്ഞു വരുന്ന സാഹചര്യത്തിൽ വിപണിക്കാവശ്യമായ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി, തൊഴിലാളികൾക്ക് പല ബാച്ചുകളിലായി പരിശീലനം നൽകി വരുന്നു. ആയത് പ്രകാരം 300 സ്ത്രീ തൊഴിലാളികൾക്ക് സ്റ്റൈപ്പെന്റോട് കൂടി ഇ-റാട്ട്, എ.എസ്.എം, ഫ്രെയിം മാറ്റ് എന്നിവയിലുള്ള പരിശീലനം നൽകിയിട്ടുണ്ട്. കയർ ഭൂവസ്ത്രത്തിന്റെ വിപണന സാധ്യത വിപുലപ്പെടുത്തുന്നതിനായി എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയുമായി |

| | | | |
|---|---|---|---|
| | | | ചേർന്ന് പ്രവർത്തിക്കുന്നത് വഴി തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിച്ചു വരുന്നു. സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തന മൂലധനം നൽകുന്നതു വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാനുള്ള സാധ്യതയേറുന്നു. എ.എസ്.എം കളുടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുവാനും യഥാസമയം അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കെ.എസ്.സി.എം.എം.സി വഴി ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് നടപ്പിലാക്കി വരുന്നു.<br><br>ഓരോ പ്രോജക്ടിലും ഒരു ഡിഫൈബറിംഗ് യൂണിറ്റ് വീതം തെരഞ്ഞെടുത്ത് നവീകരണം നടത്തി ഗുണമേന്മയുള്ള ചകിരി ഉല്പാദിപ്പിക്കുന്നതിന് പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 10 ഡിഫൈബറിംഗ് (ഡി.എഫ്) യൂണിറ്റുകളെ തെരഞ്ഞെടുത്ത് പ്രവർത്തന മൂലധനം നൽകി നവീകരണം നടത്തി ഗുണമേന്മയുള്ള ചകിരി ഉൽപ്പാദിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ